**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരള സംസ്ഥാന ജനറൽ പ്രോവിഡന്റ് ഫണ്ട്, മറ്റ് സമാന പ്രോവിഡന്റ് ഫണ്ടുകൾ - നിക്ഷേപത്തുകക്ക് 2020 ഒക്ടോബർ 1 മുതൽ ഡിസംബർ 31 വരെയുള്ള പലിശ നിരക്ക - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (പ്രോവിഡന്റ് ഫണ്ട്) വകുപ്പ്**

**സ.ഉ.(അച്ചടി) നമ്പർ/154/2020/ധന** **തിരുവനന്തപുരം, തീയതി, 07/11/2020**

പരാമർശം : 1. ജി.ഒ. (പി) നമ്പർ 94/2012/ധന തീയതി 07.02.2012.
2. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 27.10.2020 തീയതിയിലെ എഫ്.നം 5(2)-ബി(പി ഡി)/2020 ആം പ്രമേയം.

**<u>ഉത്തരവ്</u>**

2011 - ലെ ജനറൽ പ്രോവിഡന്റ് ഫണ്ട് (കേരള) റൂൾ 13(1) പ്രകാരം സംസ്ഥാന സർക്കാർ നിയന്ത്രിക്കുന്ന എല്ലാവിധ പ്രോവിഡന്റ് ഫണ്ടുകൾക്കും, കേന്ദ്ര ഗവൺമെന്റ് ജനറൽ പ്രോവിഡന്റ് ഫണ്ട്. (കേന്ദ്ര സർവീസ്)കൾക്ക് അതാത് സമയങ്ങളിൽ നിശ്ചയിക്കുന്ന പലിശ നിരക്കാണ് ബാധകമാക്കിയിട്ടുള്ളത്. പരാമർശം 2 പ്രകാരം 01.10.2020 മുതൽ 31.12.2020 വരെയുള്ള കാലയളവിലേക്ക് ജനറൽ പ്രോവിഡന്റ് (കേന്ദ്ര സർവീസ്) ഫണ്ടിലും മറ്റ് സമാന ഫണ്ടുകളിലുമുള്ള നിക്ഷേപങ്ങൾക്ക് 7.1% പലിശ നിരക്ക കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ സംസ്ഥാന സർക്കാർ നേരിട്ട് നിയന്ത്രിക്കുന്ന ചുവടെ പരാമർശിച്ചിട്ടുള്ള ജനറൽ പ്രോവിഡന്റ് ഫണ്ടിലും മറ്റ് സമാന പ്രോവിഡന്റ് ഫണ്ടുകളിലുമുള്ള നിക്ഷേപങ്ങൾക്ക് 01.10.2020 മുതൽ 31.12.2020 വരെയുള്ള കാലയളവിലേക്ക് 7.1% (ഏഴ് ദശാംശം ഒന്ന് ശതമാനം) പലിശ നിരക്ക് നിശ്ചയിച്ച് ഉത്തരവാകുന്നു.

1. കേരള സംസ്ഥാന ജനറൽ പ്രോവിഡന്റ് ഫണ്ട്.
2. പങ്കാളിത്ത പ്രോവിഡന്റ് ഫണ്ട് (മദ്രാസ്).
3. പൊതുമരാമത്ത് വകുപ്പിലെ പെൻഷനില്ലാത്ത തൊഴിൽശാലകളിലെ പങ്കാളിത്ത പ്രോവിഡന്റ് ഫണ്ട്.
4. പങ്കാളിത്ത പ്രോവിഡന്റ് ഫണ്ട് (വനം വകുപ്പ്).
5. പങ്കാളിത്ത പ്രോവിഡന്റ് ഫണ്ട് (പൊതുജനാരോഗ്യ എൻജിനീയറിങ്ങ് വകുപ്പ്).
6. എംപ്ളോയീസ് പ്രോവിഡന്റ് ഫണ്ട് ( കേരള എയ്ഡഡ് സ്കൂൾ).

7. എംപ്ളോയീസ് പ്രോവിഡന്റ് ഫണ്ട് (കേരള എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂൾ).
8. എംപ്ളോയീസ് പ്രോവിഡന്റ് ഫണ്ട് (കേരള എയ്ഡഡ് തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂൾ).
9. എംപ്ളോയീസ് പ്രോവിഡന്റ് ഫണ്ട് ( വൈദ്യരത്നം ആയുർവേദ കോളേജ്).
10. എംപ്ളോയീസ് പ്രോവിഡന്റ് ഫണ്ട് ( കേരള സംസ്ഥാന ആയുർവേദ പഠന ഗവേഷണ സൊസൈറ്റി).
11. കേരള പഞ്ചായത്ത് എംപ്ളോയീസ് പ്രോവിഡന്റ് ഫണ്ട്.
12. കേരള സ്വകാര്യ ഹോമിയോ മെഡിക്കൽ കോളേജ് എംപ്ളോയീസ് പ്രോവിഡന്റ് ഫണ്ട്.
13. കേരള സ്വകാര്യ കോളേജ് സ്റ്റാഫ് പ്രോവിഡന്റ് ഫണ്ട്.
14. കേരള സ്വകാര്യ എൻജിനീയറിങ്ങ് കോളേജ് & സ്വകാര്യ പോളി ടെക്നിക് അധ്യാപകർ & അനധ്യാപക എംപ്ളോയീസ് പ്രോവിഡന്റ് ഫണ്ട്.
15. പൊതുമരാമത്ത് വകുപ്പിലെ എൻജിനീയറിങ്ങ് തൊഴിൽശാല (അടുത്തൂൺ അവകാശമുള്ള) ജീവനക്കാരുടെ ജനറൽ പ്രോവിഡന്റ് ഫണ്ട്.
16. കേരള പാർട്ട് ടൈം കണ്ടിൻജന്റ് എംപ്ളോയീസ് പ്രോവിഡന്റ് ഫണ്ട്.
17. കേരള എൻ എം ആർ (അടുത്തൂൺ അവകാശമുള്ള) ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**രാജേഷ് കുമാർ സിംഗ് ഐ.എ.എസ്**

**ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്:

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), ഓഡിറ്റ്, കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
3. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
4. കേരള പബ്ളിക് സർവീസ്സ് കമ്മീഷൻ സെക്രട്ടറി, തിരുവനന്തപുരം.(സിഎൽ അടക്കം).
5. കേരള/കൊച്ചിൻ/കോഴിക്കോട്/കോട്ടയം/കണ്ണൂർ/കാലടി സംസ്കൃത സർവകലാശാല സെക്രട്ടറി(സി എൽ അടക്കം).
6. കേരള സംസ്ഥാന വൈദ്യുതി ബോർഡ് സെക്രട്ടറി, തിരുവനന്തപുരം. (സി എൽ അടക്കം).
7. മണ്ണുത്തി കേരള കാർഷിക സർവകലാശാല രജിസ്ട്രാർ, തൃശ്ശൂർ. (സി എൽ അടക്കം).
8. കേരള ഹൈക്കോർട്ട് രജിസ്ട്രാർ, എറണാകുളം. (സി എൽ അടക്കം).
9. മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
10. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം. (സി എൽ അടക്കം).
11. മാനേജിങ് ഡയറക്ടർ, കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം (സി എൽ അടക്കം).
12. സെക്രട്ടറി, കേരള ഗവർണ്ണർ.
13. പ്രൈവറ്റ് സെക്രട്ടറി, സ്പീക്കർ/ഡെപ്യൂട്ടി സ്പീക്കർ.
14. പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ നേതാവ്, തിരുവനന്തപുരം.

15. അഡീഷണൽ സെക്രട്ടറി, കേരള ചീഫ് സെക്രട്ടറി.
16. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കേരള.
17. സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം (സി എൽ അടക്കം).
18. കേരള ലോകായുക്ത രജിസ്ട്രാർ, തിരുവനന്തപുരം (സി എൽ അടക്കം).
19. പബ്ളിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
20. പേഴ്സണൽ അസിസ്റ്റന്റ്, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി.
21. നോഡൽ ഓഫീസർ, www.finance.Kerala.gov.in
22. ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

(signature)

അക്കൗണ്ട്സ് ഓഫീസർ